# Desabhimani
# 20 July 2018
# Kochi, Kerala Flood 1924

## 99ന് 94വയസ്സ്

കൊച്ചി

'നാട്ടിലെ പൊക്കം കൂടിയ സ്ഥലം ക്ഷേത്രമാണ്.

അവിടെ, ദേവൻ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു.

വെള്ളം, സർവത്ര ജലം.'

തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ തുടങ്ങുന്നതിങ്ങനെയാണ്.

ആ കഥയോർമിപ്പിച്ച് മഴ കനത്ത് പെയ്യുകയാണ്. ജൂലൈ 10ന് പുലർച്ചെയാരംഭിച്ച മഴ രാപ്പകലില്ലാതെ ചൊരിയുമ്പോൾ ഈ കഥയോർക്കാതെവയ്യ, കേരളത്തിന്. കാരണം 1924 (കൊല്ലവർഷം 1099) ജൂലൈ – ആഗസ്ത് മാസങ്ങളിലായി ഇടതടവില്ലാതെ പെയ്ത മഴയും വെള്ളപ്പൊക്ക ദുരിതവുമാണ് തകഴിയുടെ തൂലികയിൽ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയായി പിറന്നത്. 'തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്ക'മെന്ന് പഴമക്കാർ പറയുന്ന, അന്നത്തെ വെള്ളപ്പൊക്കത്തെ ഓർമിപ്പിച്ച് കേരളമിപ്പോൾ ഒട്ടൊരു വെള്ളപ്പൊക്കത്തിന്റെ മട്ടിലാണ്. 99ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് വിക്കീപീഡിയ പറയുന്നതിങ്ങനെ:

"ഇരുപതാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്നു ഇത്. 1099 കർക്കടകം ഒന്നിന് തുടങ്ങി മൂന്നാഴ്ചയോളം നീണ്ടുനിന്ന പേമാരിയിലും പ്രളയത്തിലും കേരളത്തിലെ താഴ്ന്ന ഭാഗങ്ങൾ മുഴുവൻ മുങ്ങിപ്പോയി. മധ്യതിരുവിതാംകൂറിനെയും തെക്കൻ മലബാറിനെയും പ്രളയം ബാധിച്ചു. സമുദ്രനിരപ്പിൽനിന്ന് 6500 അടി ഉയരമുള്ള മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ വരെ വെള്ളപ്പൊക്കമുണ്ടായി. ഈ വെള്ളപ്പൊക്കത്തിൽ മരിച്ചവർ എത്രയെന്നു കണക്കില്ല. നാടൊട്ടുക്കും ഗതാഗതം മുടങ്ങി. പാലത്തിൽ വെള്ളം കയറി തീവണ്ടികൾ ഓട്ടം നിർത്തി. തപാൽ സംവിധാനങ്ങൾ നിലച്ചു. അൽപ്പമെങ്കിലും ഉയർന്ന പ്രദേശങ്ങൾ അഭയാർഥികളെക്കൊണ്ട് നിറഞ്ഞു. വെള്ളത്തോടൊപ്പം പട്ടിണിയും ജനങ്ങളെ വലച്ചു.

മധ്യകേരളത്തെയാണ് പ്രളയം ഏറ്റവും മാരകമായി ബാധിച്ചത്. ആലപ്പുഴ മുഴുവനായും എറണാകുളത്തിന്റെ നാലിൽ മൂന്ന് ഭാഗവും വെള്ളത്തിനടിയിൽ മുങ്ങിയെന്നാണ് രേഖകൾ പറയുന്നത്. മധ്യതിരുവിതാംകൂറിൽ 20 അടിവരെ വെള്ളം പൊങ്ങി. മഴപെയ്തുണ്ടായ മലവെള്ളവും കടൽ വെള്ളവും ഒരുപോലെ കരയെ ആക്രമിച്ചു. മലബാറിലും പ്രളയം കനത്തതോതിൽ ബാധിച്ചു. കർക്കടകം 17 കഴിഞ്ഞപ്പോഴേക്കും തെക്കേ മലബാർ വെള്ളത്തിനടിയിലായി. കോഴിക്കോട് പട്ടണം മുക്കാലും മുങ്ങി. 2000 വീടുകൾ നിലംപതിച്ചു.

പൊന്നാനി താലൂക്കിലും മറ്റും കനോലി കനാലിലൂടെ മൃതശരീരങ്ങൾ ഒഴുകിനടക്കുകയായിരുന്നു."

അത്രത്തോളം കെടുതികളുണ്ടായില്ലെങ്കിലും സമാനമായ വെള്ളപ്പൊക്കങ്ങൾ 1934ലും 1961ലുമുണ്ടായെന്ന് രേഖകൾ വ്യക്തമാക്കുന്നു. അതിന്റെ പകുതിപോലും വരില്ലെങ്കിലും ഇത്തവണ കോരിച്ചൊരിഞ്ഞ കാലവർഷത്തിൽ എറണാകുളത്തിന്റെ നല്ലൊരുഭാഗം പ്രദേശങ്ങളിലും വെള്ളം കയറിയെന്നത് വാസ്തവം.